**കേരള സർക്കാർ**

ധനകാര്യ വകുപ്പ് - 2018 ഡിസംബർ , 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസം വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**GO(Rt) No.1182/2019/FIN** തീയതി ,തിരുവനന്തപുരം,16/02/2019

പരമർശം :-
1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
4) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
5) സ ഉ (എം എസ്) 359/2017/ധന തീയതി 04/08/2017.
6) സ.ഉ (സാധ) 2714/2018/ധന തീയതി 27/03/2018.
7) സ.ഉ (സാധ) 6632/2018/ധന തീയതി 03/08/2018.
8) സ.ഉ.(സാധ) നം. 9666/2018/ധന തീയതി: 24.11.2018,

**ഉത്തരവ്**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ വരെയുള്ള അഞ്ച് മാസത്തെ പെൻഷൻ നൽകുന്നതിനായി 343,84,62,499/- രൂപ ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ വരെയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 343,84,62,499 രൂപ (മുന്നൂറ്റി നാൽപ്പത്തിമൂന്ന് കോടി എൺപത്തിനാല് ലക്ഷത്തി അറുപത്തി രണ്ട് ആയിരത്തി നാനൂറ്റി തൊണ്ണൂറ്റിഒൻപത് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു . ഈയിനത്തിലുള്ള ചെലവ് 2019-20 സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽനിന്നും വഹിക്കേണ്ടതാണ് . ഒരോ ക്ഷേമനിധി ബോർഡുകൾക്കും നൽകേണ്ട തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

2. ക്ഷേമനിധി ബോർഡുകൾ പെൻഷൻ തുക ലഭിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നേരിട്ട് നിർദ്ദേശം സമർപ്പിക്കേണ്ടതും ഭരണ വകുപ്പ് ആയത് ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ് . പെൻഷൻ തുകയ്ക്കായി ഭരണ വകുപ്പിൽ

നൽകുന്ന നിർദ്ദേശത്തിൽ ഗുണഭോക്താക്കളുടെ ( സേവന സോഫ്റ്റ് വെയർ പ്രകാരമുള്ള ) എണ്ണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

3. യാതൊരു കാരണവശാലും ആവശ്യത്തിലധികം അലോട്ട്മെന്റ് വാങ്ങാൻ പാടില്ലാത്തതാണെന്നും അങ്ങനെ വാങ്ങുന്ന പക്ഷം അത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതുമാണ്.

4. അഞ്ച് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളു കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

5. ക്ഷേമനിധി ബോർഡ് പെൻഷൻ 2019 ഏപ്രിൽ ആദ്യവാരം വിതരണം ആരംഭിക്കേണ്ടതും വിതരണം ആരംഭിച്ചു 10 ദിവസത്തിനുള്ളിൽ പെൻഷൻ വിതരണം പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക അനുവദിച്ച ശീർഷകത്തിൽ തന്നെ 5 ദിവസത്തിനുള്ളിൽ തിരിച്ചടക്കുന്നു എന്നും ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം )**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
തൊഴിൽ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ധനകാര്യ(ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/ഇൻഡസ്ട്രീസ്&പിഡബ്ലിയുഡി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

| ----<br>----<br>-1 | 2 | 3 | 4 | 5 | | | | | 6 | 7 |
|---|---|---|---|---|---|---|---|---|---|---|
| | | | | നൽകേണ്ട പെൻഷൻ തുക | | | | | | |
| | | ശീർഷകം | ആകെ പെൻഷൻ കാരുടെ എണ്ണം | 12/2018 | 01/2019 | 02/2019 | 03/2019 | 04/2019 | നീക്കിയിരിപ്പുള്ള തുക | ആകെ ആവശ്യമുള്ള പെൻഷൻ തുക (5-6) |
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 2230-01-103-51 | 2575 | 2832500 | 2832500 | 2832500 | 2832500 | 2832500 | 1296567 | 12865933 |
| 2 | കർഷക തൊഴിലാളി | 2401-00-115-98-NP | 290908 | 319998800 | 319998800 | 319998800 | 319998800 | 319998800 | 37195454 | 1562798546 |
| 3 | മത്സ്യ തൊഴിലാളി | 2405-00-800-94-NP | 63030 | 69333000 | 69333000 | 69333000 | 69333000 | 69333000 | 5269900 | 341395100 |
| 4 | ക്ഷീര കർഷക തൊഴിലാളി | 2404-800-78 | 56650 | 45320000 | 45320000 | 45320000 | 45320000 | 45320000 | 0 | 226600000 |
| 5 | ലോട്ടറി തൊഴിലാളി | 2075-00-103-96 | 1947 | 2141700 | 2141700 | 2141700 | 2141700 | 2141700 | 0 | 10708500 |
| 6 | കയർ തൊഴിലാളി | 2851-00-106-93-NP | 72253 | 79393300 | 79393300 | 79393300 | 79393300 | 79393300 | 2410902 | 394555598 |
| 7 | ഖാദി തൊഴിലാളി | 2851-00-105-95 | 696 | വിതരണം ചെയ്തു | 688600 | 688600 | 688600 | 688600 | 0 | 2754400 |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 2040-00-800-98(36) | 11073 | 12590200 | 12630450 | 12661500 | 12684500 | 12733950 | 0 | 63300600 |
| 9 | അസംഘടിത തൊഴിലാളി ( റിട്ടയേർഡ് ) | | 9618 | 10579800 | 10579800 | 10579800 | 10579800 | 10579800 | 0 | 52899000 |
| 10 | ചുമട്ടു തൊഴിലാളി | - | 3885 | 4273500 | 4273500 | 4273500 | 4273500 | 4273500 | 0 | 21367500 |
| 11 | ആഭരണ തൊഴിലാളി | 2230-01-103-57-10 | 119 | 130900 | 130900 | 130900 | 130900 | 130900 | 0 | 654500 |
| 12 | ചെറുകിട തോട്ടം തൊഴിലാളി | 2230-01-103-58-10-NP | 244 | 268400 | 268400 | 268400 | 268400 | 268400 | 0 | 1342000 |
| 13 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 2230-01-103-71(NP) | 8242 | 9125600 | 10147500 | 10192600 | 10219000 | 10250900 | 1683220 | 48252380 |
| 14 | ബീഡി തൊഴിലാളി | 2230-01-103-78-10 (NP) | 2818 | 3099800 | 3099800 | 3099800 | 3099800 | 3099800 | 1000000 | 14499000 |
| 15 | സിഗാർ തൊഴിലാളി | 2230-01-103-78-10(NP) | 100 | 110000 | 110000 | 110000 | 110000 | 110000 | 110000 | 440000 |
| 16 | തയ്യൽ തൊഴിലാളി | 2230-01-103-86-10 | 50143 | 53366500 | 53692100 | 54168400 | 54666700 | 55157300 | 1118680 | 269932320 |
| 17 | കൈത്തറി തൊഴിലാളി | 2230-01-103-92-10-NP | 9554 | 10509400 | 10454400 | 10399400 | 10344400 | 10289400 | 2675668 | 49321332 |
| 18 | കള്ളുവണ്ടി തൊഴിലാളി | 2230-01-103-96-10 | 66631 | 73294100 | 73294100 | 73294100 | 73294100 | 73294100 | 1694710 | 364775790 |
| | ആകെ | | 650486 | | | | | | | 3438462499 |